**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികളിൽ കണ്ടുവരുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളിൽ കണ്ടുവരുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾ കണ്ടെത്തുവാനും പരിഹരിക്കുവാനും എന്തെല്ലാം പദ്ധതികളാണ് അങ്കണവാടികൾ വഴി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) കുട്ടികളിലുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി) മുഖാന്തിരം ഐസിഡിഎസ് സൂപ്പർവൈസർക്കും, സൂപ്പർവൈസർ മുഖേന അങ്കണവാടി വർക്കർമാർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികളെ വിദഗ്ദ്ധ ചികിത്സയ്ക്കായി ബന്ധപ്പെട്ട ഡോക്ടർമാർക്ക് റഫർ ചെയ്തുവരുന്നു. |
| (ബി) | പ്രീസ്കൂൾ കുട്ടികൾക്ക് ന്യൂട്രീഷന് പുറമേ എന്തെല്ലാം സേവനങ്ങളാണ് അങ്കണവാടികൾ വഴി നല്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | (ബി) പ്രീസ്കൂൾ കുട്ടികൾക്ക് ന്യൂട്രിഷന് പുറമെ പ്രീസ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസ്, ഇമ്മ്യൂണൈസേഷൻ എന്നിവ നൽകുന്നു. കുഞ്ഞുങ്ങൾക്ക് ഏറെ സ്നേഹവും, കരുതലും, പോഷകങ്ങളും, പ്രകൃതിയും എല്ലാം ഇണങ്ങിയുള്ള അന്തരീക്ഷവും അങ്കണവാടികൾ പ്രദാനം ചെയ്യുന്നു. കുട്ടികളുടെ സമഗ്ര വികസനത്തിന് ആവശ്യമായ ശാസ്ത്രീയവും ശിശു സൗഹൃദവുമായ പഠന പ്രവർത്തനങ്ങളും അങ്കണവാടികൾ ഉറപ്പ് നൽകുന്നു. |

സെക്ഷൻ ഓഫീസർ